LIBRARY ARCHIVES Kerala Legislative Assembly

നെല്ല് സംഭരണത്തിന് നടപടി

118 [420] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, കുട്ടനാട് എന്നീ പ്രദേശങ്ങളിലെ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുവാൻ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) എത്ര ക്വിന്റൽ നെല്ല് സഹകരണ സംഘങ്ങൾ സംഭരിച്ചിട്ടുണ്ട്;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇതിനകം എത്ര ക്വിന്റൽ നെല്ല് വാങ്ങിയിട്ടുണ്ട്;

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്ത് വിലയ്ക്കാണ് നെല്ല് വാങ്ങിയത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) 2004-05 വർഷത്തിൽ വിരിപ്പു/മുണ്ടകൻ/പുഞ്ച സീസണുകളിൽ ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിലെ മോണിറ്ററിംഗ് കമ്മിറ്റികൾ നിശ്ചയിച്ച വിലയ്ക്ക് നെല്ല് സംഭരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ നിന്നും 37,952 മെട്രിക് ടണ്ണും പാലക്കാട് ജില്ലയിൽ നിന്നും 29,324.87 മെട്രിക് ടണ്ണും നെല്ല് സംഭരിച്ചിട്ടുണ്ട്.

(സി) & (ഡി) വിവരം ശേഖരിച്ചുവരുന്നു.

വെട്ടിനിരത്തൽ വഴി സംഭവിച്ച കൃഷി നാശം

119 [422] *ശ്രീ. എ. സുജനപാൽ:*

„ *ടി. യു. രാധാകൃഷ്ണൻ:*

„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. പി. ഐ. (എം) ന്റെ പോഷക സംഘടനയായ കെ. എസ്. കെ. റ്റി. യു. ഈ വർഷം വെട്ടിനിരത്തൽ വഴി കൃഷി നശിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എപ്രകാരം എന്തെല്ലാം നാശനഷ്ടമുണ്ടായി;

(സി) എന്തു തുകയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു;

(ഡി) എത്ര കർഷകർക്ക് നഷ്ടമുണ്ടായി;

(ഇ) കൃഷിനാശം വരുത്തിയവർക്കുമേൽ എന്തു നടപടി സ്വീകരിച്ചു;

(എഫ്) ഇതുമൂലം കൃഷി നഷ്ടമുണ്ടായ കർഷകർക്ക് നഷ്ടപരിഹാരം എപ്രകാരം നൽകാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

GPM. 2/360/2012.—22

ഉത്തരം

(എ) വെട്ടിനിരത്തൽ സംബന്ധിച്ച് ചില വാർത്താമാദ്ധ്യമങ്ങളുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)–(എഫ്) കൃഷി നാശത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് കേന്ദ്രസഹായം

120 [423] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തു തുകയുടെ ധനസഹായമാണ് അനുവദിച്ചത്;

(ബി) പ്രസ്തുത തുക ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തു തുക വീതം ഇവർക്ക് നൽകിയിട്ടുണ്ടെന്നു പറയാമോ?

ഉത്തരം

(എ) കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം

121 [424] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ചയും കടക്കെണിയുംമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) 2005 ജനുവരിക്കുശേഷം എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) 218 കർഷകർ ആത്മഹത്യ ചെയ്തതായ സർക്കാർ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly